ഉത്തരം

(എ) ടെക്നോപാർക്കിൽ തൊഴിൽ ലഭിച്ച ഏകദേശം 5000-ത്തോളം പേരിൽ 85% കേരളീയരും ബാക്കിയുള്ളവർ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ളവരുമാണ്. ഇതിൽ 1500 പേരോളം തിരുവനന്തപുരം ജില്ലയിൽനിന്നുള്ളവരാണ്.

(ബി) ഏകദേശം 200 മുതൽ 300 വരെ.

(സി) ഇല്ല.

(ഡി) ഒരു ലെസ്സർ-ലെസ്സീ കരാറാണ് ടെക്നോപാർക്കും കമ്പനികളും തമ്മിലുള്ളത്. ഇതനുസരിച്ച് കമ്പനികളുടെ ദൈനംദിന പ്രവർത്തനങ്ങൾ, നിയമന നടപടികൾ, ശമ്പള പരിഷ്കരണങ്ങൾ, വാർഷിക ആനുകൂല്യങ്ങൾ ഇവയിലൊന്നും ഇടപെടാൻ ടെക്നോപാർക്കിന് കഴിയില്ല. എങ്കിലും എല്ലാ നല്ല രീതിയിലുമുള്ള കമ്പനി പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ജീവനക്കാർക്ക് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്.

മലപ്പുറം ജില്ലയിലെ യൂറോസ്പിൻ ഇൻഡസ്ട്രീസ് ഉൽപ്പാദനം നിർത്തിവച്ച നടപടി

3 [2615] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ യൂറോസ്പിൻ ഇൻഡസ്ട്രീസ് എന്ന വ്യവസായ സ്ഥാപനം എന്നുമുതലാണ് ഉൽപ്പാദനം നിർത്തിവച്ചത്; തൊഴിൽ നിയമത്തിലെ ഏത് വകുപ്പ് അനുസരിച്ചാണ് മാനേജ്മെന്റ് കമ്പനി പൂട്ടിയത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ലേ ഓഫോ, ലോക്ക് ഔട്ടോ, ക്ലോഷറോ ചെയ്യുമ്പോൾ നിയമപ്രകാരം കൈക്കൊള്ളേണ്ട നടപടികൾ സ്വീകരിക്കാതെ കമ്പനി പൂട്ടി വ്യവസായ സ്തംഭനം വരുത്തിവെക്കുന്ന മാനേജ്മെന്റുകളോട് ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) യൂറോസ്പിൻ ഇൻഡസ്ട്രീസിലെ മൂന്നു തൊഴിലാളികൾ തൊഴിൽ തർക്കംമൂലം ആത്മഹത്യ ചെയ്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാനേജ്മെന്റ് ഏകപക്ഷീയമായി കമ്പനി പൂട്ടിയതുമൂലം ഒരു കൊല്ലത്തോളമായി പട്ടിണിയിലായ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കമ്പനി തുറപ്പിക്കാൻ നടക്കുന്ന ശ്രമങ്ങൾക്ക് തൊഴിലാളികൾ സഹകരിക്കുമ്പോൾ മാറിനിൽക്കുന്ന മാനേജ്മെന്റിനെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(എഫ്) ഇത്തരം മാനേജ്മെന്റുകളുടെ നടപടികൾ വ്യാവസായിക സമാധാനത്തെ തകർത്തുന്നതാണെന്നും വ്യവസായ പുരോഗതിയെ തുരങ്കം വെയ്ക്കുമെന്നും നിക്ഷേപ സൗഹൃദ അന്തരീക്ഷത്തെ താറുമാറാക്കുമെന്നും ഗവൺമെന്റ് കരുതുന്നുണ്ടോ എന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യൂറോസ്പിൻ ഇൻഡസ്ട്രീസ് 26-10-2001 മുതൽ ഉൽപ്പാദനം നിർത്തിവെച്ചു. ടി സ്ഥാപനം അടച്ചുപൂട്ടാനുള്ള അനുമതിക്കായുള്ള അപേക്ഷ മാനേജ്മെന്റ് 7-3-2002-ൽ ലേബർ സെക്രട്ടറിക്ക് സമർപ്പിച്ചു. അപേക്ഷ പരിശോധിച്ച് 1947-ലെ വ്യവസായ തർക്ക നിയമത്തിലെ സെക്ഷൻ 25(ഒ)യുടെ 2-ാം സബ് സെക്ഷൻ പ്രകാരം കമ്പനി അടച്ചുപൂട്ടുന്നതിന് 10-5-2002-ലെ 3613/എ3/2002/തൊഴിൽ നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകി. ഈ ഉത്തരവ് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ട്രേഡ് യൂണിയനുകൾ നൽകിയ നിവ്വു അപ്ലിക്കേഷൻ സർക്കാർ പരിഗണിക്കുകയും വിഷയം പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ പരിഗണനയ്ക്ക് വിടുകയും ചെയ്തു. പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ അടച്ചുപൂട്ടലിന് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് റദ്ദാക്കി. ഈ വിധിക്കെതിരെ മാനേജ്മെന്റ് ബഹു. ഹൈക്കോടതിയിൽ ഒ. പി. ഫയൽ ചെയ്തു. കേസ് ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) 100-ൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്തുവരുന്ന സ്ഥാപനങ്ങൾ വൈദ്യുതിയുടെ അപര്യാപ്തത, പ്രകൃതിക്ഷോഭം എന്നിവ ഒഴികെയുള്ള മറ്റു കാരണങ്ങളാൽ സർക്കാരിന്റെ അനുമതി കൂടാതെ ലേ-ഓഫ് ചെയ്യുകയോ, അടച്ചുപൂട്ടുകയോ ചെയ്താൽ സർക്കാരിന് മാനേജ്മെന്റിനെതിരെ 1947-ലെ തൊഴിൽത്തർക്ക നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാം.

(സി) സർക്കാരിന് ലഭിച്ച ഒരു നിവേദനത്തിൽ ഒരു തൊഴിലാളി ആത്മഹത്യ ചെയ്തതായി പറഞ്ഞിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഈ പ്രശ്നം ഇപ്പോൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാകയാൽ മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

(എഫ്) തൊഴിൽ നിയമങ്ങൾക്ക് വിരുദ്ധമായി മാനേജ്മെന്റുകൾ എടുക്കുന്ന നടപടികൾ വ്യാവസായിക അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ഗവൺമെന്റ് കരുതുന്നു.

ഐ. ടി. വ്യവസായത്തിന്റെ വളർച്ച

4 [2653] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ഡി. സുഗതൻ:
,, കെ. മുഹമ്മദാലി:
,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ. ടി.-യുമായി ബന്ധപ്പെട്ട് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ള എത്രപേരുണ്ട്;

(ബി) ഇവരുടെ എണ്ണത്തിൽ പ്രതിവർഷം എന്തുവർദ്ധന ഉണ്ടാകുന്നുണ്ട് എന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഐ. ടി. വ്യവസായം അഭിവൃദ്ധിപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly